# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :5949 — 04.11.2016 ൽ മറുപടിക്ക്

## ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ | പ്രൊഫ:സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കുമോ; | എ) സ.ഉ.(സാധാ) നം.2911/2016/ പൊ.വി.വ. തീയതി 05/09/2016 പ്രകാരം കണ്ടിജൻറ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 150 കുട്ടികൾ വരെ കുട്ടിയൊന്നിന് 8/- രൂപ , 151 മുതൽ 500 വരെ കുട്ടിയൊന്നിന് 7/- രൂപ , 501 മുതൽ കുട്ടിയൊന്നിന് 6/- രൂപ എന്ന നിരക്കിലാണ് കണ്ടിജൻറ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്.കൂടാതെ പാചക തൊഴിലാളികളുടെ ദിവസവേതനം മിനിമം 400 രൂപയായും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പരമാവധി 475 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ മേൽനോട്ടത്തിന് Noon Meal Officer മാർ എല്ലാ സ്കൂളുകളിലും മാസാടിസ്ഥാനത്തിൽ പരിശോധന നടത്തണമെന്നും പരാതികൾ അടിയന്തിരമായി പരിഹരിക്കുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) ആയതു സംബന്ധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| സി) എങ്കിൽ എന്തൊക്കെ അപാകതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ